# രാജ്യാന്തര ഡിബേറ്റ് മൽസരത്തിൽ ചെന്നൈ വിദ്യാർഥികളും

ചെന്നൈ • യുവ സംവാദകർക്കുള്ള രാജ്യാന്തര മൽസരത്തിൽ രാംകോ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ സ്കൂൾസ് ഡിബേറ്റിങ് സൊസൈറ്റി (ഐഎസ്ഡിഎസ്)യിൽ നിന്നു പരിശീലനം നേടിയ രണ്ടു വിദ്യാർഥികൾ പങ്കെടുത്തു. ചെന്നൈ കെകെ നഗറിലുള്ള പിഎസ്ബിബി സീനിയർ സെക്കൻഡറി സ്കൂളിലെ തേജസ്സ് സുബ്രഹ്മണ്യം, ഹർസിത് രവിചന്ദ്രൻ എന്നിവർക്കാണു ലോകത്തെ മികച്ച 60 യുവ സംവാദകർ പങ്കെടുക്കുന്ന മൽസരത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്.